**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2195** **21-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സർവീസിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരിൽ ആർക്കൊക്കെ സ്വകാര്യ പ്രാക്ടീസ് അനുവദനീയമാണെന്ന വിവരം ലഭ്യമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് 25-10-2005 ലെ സ.ഉ(കൈ) നം. 270/2005/ആകുവ, 27-12-2023 ലെ സ.ഉ(കൈ) നം. 350/2023/ആകുവ എന്നീ ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം അനുസരിച്ച് സ്വകാര്യ പ്രാക്ടീസ് അനുവദനീയമാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ല. |
| (ബി) | സ്വകാര്യ പ്രാക്ടീസ് അനുവദിക്കപ്പെട്ട ഡോക്ടർമാർ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ആശുപത്രി സമയങ്ങളിൽ ഡോക്ടർ അവരുടെ താമസ സ്ഥലങ്ങളിൽ രോഗികളെ സ്വീകരിക്കുകയോ പരിശോധിക്കുകയോ ചെയ്യാൻ പാടില്ല. ആശുപത്രി ചികിത്സയിൽ കഴിയുന്ന രോഗികളോ അവരുടെ ബന്ധുക്കളോ ഡോക്ടർമാരുടെ താമസ സ്ഥലങ്ങളിൽ രോഗിയുടെ കാര്യവുമായി ബന്ധപ്പെട്ട് സമീപിക്കുവാൻ പാടില്ല. ഡോക്ടർമാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് സമീപം മുറികൾ വാടകയ്ക്ക് എടുത്ത് പകൽ സമയങ്ങളിൽ മാത്രം താമസിച്ച് രോഗികളെ അനുവദനീയ സമയങ്ങളിൽ ആണെങ്കിൽ പോലും പരിശോധിക്കാൻ പാടില്ല. ഇങ്ങനെയുള്ള താവളങ്ങൾ താമസസ്ഥലങ്ങളായി കണക്കാക്കപ്പെടുകയില്ല. സ്വകാര്യ പ്രാക്ടീസ് സ്വന്തം താമസസ്ഥലത്ത് മാത്രമേ അനുവദനീയമായിട്ടുള്ളൂ. ആരോഗ്യ വകുപ്പിലെ സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാർ സ്വകാര്യ ആശുപത്രികളിൽ പ്രൈവറ്റ് പ്രാക്ടീസ് നടത്തരുത്. താമസസ്ഥലത്ത് രോഗ നിർണ്ണയം നടത്തുന്നതിന് ഡോക്ടർ ഏറ്റവും ആവശ്യമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. സ്വകാര്യ പ്രാക്ടീസിൽ സഹായിക്കുന്നതിനായി നഴ്സ്, ടെക്നീഷ്യൻ എന്നിവരെ നിയമിക്കാൻ പാടില്ല. ഡോക്ടർ സേവനം അനുഷ്ഠിക്കുന്ന ആശുപത്രിയിൽ ഇൻ പേഷ്യന്റ് ആയിട്ടുള്ള ഒരു രോഗിയോ, രോഗിയുടെ |

| | | | |
|---|---|---|---|
| | | | ബന്ധുവോ കൺസൾട്ടേഷന് വേണ്ടി വരരുതെന്ന് പ്രസ്താവിക്കുന്ന ഒരു സൈൻ ബോർഡ് കൺസൾട്ടേഷൻ റൂമിൽ പ്രദർശിപ്പിക്കണം. |
| (സി) | പ്രസ്തുത നിബന്ധനകൾ അനുസരിക്കാതെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിബന്ധനകൾ പാലിക്കാതെ സ്വകാര്യ പ്രാക്ടീസ് നടത്തിയ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കെതിരെ 1960 ലെ കെ.സി .എസ് (സി .സി &എ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത ഡോക്ടർമാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | നിബന്ധനകൾ പാലിക്കാതെ സ്വകാര്യ പ്രാക്ടീസ് നടത്തിയ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കെതിരെ 1960 ലെ കെ.സി .എസ് (സി .സി &എ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ലാത്ത ഡോക്ടർമാർക്ക് നൽകുന്ന നോൺ പ്രാക്ടീസ് അലവൻസ് നിലവിൽ കൈപ്പറ്റുന്ന ഡോക്ടർമാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (ഇ) | സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ലാത്ത ഡോക്ടർമാർക്ക് നൽകുന്ന നോൺ പ്രാക്ടീസ് അലവൻസ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്കാണ് നൽകുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2684 ഡോക്ടർമാർക്കാണ് നോൺ പ്രാക്ടീസ് അലവൻസ് അനുവദിച്ചിട്ടുള്ളത്. |
| (എഫ്) | നോൺ പ്രാക്ടീസ് അലവൻസ് സ്വീകരിക്കുന്ന ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എഫ്) | നോൺ പ്രാക്ടീസ് അലവൻസ് കൈപ്പറ്റുന്ന ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോൺ പ്രാക്ടീസ് അലവൻസ് കൈപ്പറ്റുന്ന ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ആരോപണം ഉയരുന്ന അവസരത്തിൽ ടി ഡോക്ടർമാർക്കെതിരെ അന്വേഷണം നടത്തുകയും അവർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു വരുന്നു. വിശദമായ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഡോക്ടർമാർക്കെതിരെ Transfer/ Censure/Increment bar/Non Practice Allowance തിരിച്ച് അടപ്പിക്കൽ അടക്കമുള്ള ശിക്ഷാ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ